## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4531** **01-07-2024 - ൽ മറുപടിയ്ക്ക്**

### കൊല്ലം നീണ്ടകര പോർട്ട് മെക്കാനിക്കൽ വർക്ക്ഷോപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നീണ്ടകരയിൽ പ്രവർത്തിക്കുന്ന പോർട്ട് മെക്കാനിക്കൽ വർക്ക്ഷോപ്പ് വികസിപ്പിച്ച് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കേരള മാരിടൈം ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം വർക്ക്ഷോപ്പിനെ വികസിപ്പിച്ച് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 11/12/2018-ന് വർക്ക്ഷോപ്പ്, സ്റ്റോർ, ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും 23/02/2021 ൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് CRZ ന്റെ അനുമതിയ്ക്കായി അപേക്ഷിച്ചിരിക്കുകയാണ്. CRZ ന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും. ഈ പുതിയ കെട്ടിടത്തിൽ ടി മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം വർക്ക്ഷോപ്പ് പ്രവർത്തനക്ഷമമാകുന്നതോടുകൂടി യാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം കൂടുതൽ യന്ത്ര സാമഗ്രികളും ഉപകരണങ്ങളും സജ്ജമാക്കാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്. |
| (ബി) | കൊല്ലം തുറമുഖം വികസിക്കുന്നതോടുകൂടി യാനങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കേന്ദ്രമായി നീണ്ടകരയെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നീണ്ടകരയിലുള്ള കേരള മാരിടൈം ബോർഡിന്റെ ഭൂമി കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തി നായി മാറ്റിവച്ചിരിക്കുകയാണ്. കൊല്ലം തുറമുഖം വികസിക്കുന്നതോടുകൂടി യാനങ്ങളുടെ അറ്റകുറ്റപ്പണി കൾ നടത്തുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുവാൻ തദ്ദേശീയമായി ഒരു ഫ്ലോട്ടിംഗ് ഡ്രൈഡോക്ക് ഡിസൈൻ ചെയ്ത് നിർമ്മിച്ച് കൊല്ലം തുറമുഖത്ത് വരുന്ന കപ്പലുകൾക്ക് അറ്റകുറ്റപ്പണികൾ ക്കുള്ള സൗകര്യം ഉണ്ടാക്കുന്നതിന് 190 കോടി രൂപ യുടെ ഒരു പ്രൊപ്പോസൽ സാഗർമാല പ്രോജക്ടിൽ ഉൾക്കൊള്ളിച്ച് 50% കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പാരിസ്ഥിതിക അനുമതി നേടുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ